प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 14, 2019

**1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A അനുസരിച്ചുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ-മഹാരാഷ്ട്രാ ഒസ്മനാബാദിലെ വസന്ത് ദാദാ നഗരി സഹകാരി ബാങ്ക് ലിമിറ്റഡ്**

പൊതുതാല്പര്യം പരിഗണിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A സബ്സെക്ഷൻ (1) പ്രകാരം ആർബിഐ യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച് മഹാരാഷ്ട്ര ഒസ്മനാബാദിലെ വസന്ത് ദാദാ നഗരി സഹകാരിബാങ്ക് ലിമിറ്റഡിന് 2017 നവംബർ 13 ബിസിനസ്സ് സമയം അവസാനിച്ചതുമുതൽ നിയന്ത്രണനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ 2019 മാർച്ച് 14 മുതൽ 2019 ജൂൺ 13 വരെ മൂന്നുമാസ കാലാവധിയിലേക്ക് ഇപ്പോൾ തുടർന്നും ദീർഘിപ്പിച്ചിരിക്കുന്നു. ഈ നിയന്ത്രണ നിർദ്ദേശങ്ങൾ നിക്ഷേപങ്ങൾ സ്വീകരിക്കന്നതിലും പിൻവലിക്കുന്നതിലും ചില പരിമിതികളും ഉയർന്ന പരിധികളും നിശ്ചയിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ താല്പര്യമുള്ളവർക്കു വായിച്ചറിയുവാൻ വേണ്ടി വിശദമായ നിർദേശങ്ങൾ ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങളനുസരിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഈ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്നത് പരിഗണിച്ചേയ്ക്കാം. ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചി ട്ടുള്ളതുകൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ബാങ്കിംഗ് ലൈസൻസ് റദ്ദാക്കുന്നുവെന്ന് കുരുതേണ്ടതില്ല. ബാങ്കിന് അതിൻറെ സാമ്പത്തികനിലമെച്ചപ്പെടുന്ന തുവരെ പരിമിതികൾക്കു വിധേയമായി ബാങ്കിംഗ് ഇടപാടുകൾ തുടർന്നും നടത്താവുന്നതാണ്.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/2190